വാറുണ്ട്. അപകടത്തിന്റെ കാരണം എന്തായിരുന്നുവെന്നു പറയാൻ പോലും പല സവാരിക്കാർക്കും കഴിയാറില്ല.

എന്നിട്ടെന്താണ്? അപകടസാദ്ധ്യതയെപ്പററി മോട്ടോർസൈക്കിൾ സവാരിക്കാർക്ക് പൊതുവെ യാതൊരു ബോധവുമില്ല.' ഒരു കാർ ഓടിക്കുന്നതിനു വേണ്ടതിനേക്കാൾ കൂടുതൽ ശിക്ഷണം ഒരു മോട്ടോർസൈക്കിൾ ഓടിക്കാൻ വേണമെന്ന സത്യം അവർ അംഗീകരിക്കുകയില്ല. അപകടം പററിയാലും അവരുടെ ശുഭപ്രതീക്ഷാശീലം നശിക്കുന്നില്ല.

മുമ്പു പറഞ്ഞ ഫ്രാങ്ക്ഫർട്ട് ആസ്പത്രിയിലെ ഡോക്ടർ ബോർണർ തന്റെ ഒരനുഭവം വിവരിച്ചിട്ടുണ്ട്. മോട്ടോർസൈക്കിളപകടത്തിൽപ്പെട്ട തലച്ചോറിൽ രക്തം നിറഞ്ഞ ഒരാളെ ശസ്ത്രക്രിയയ്ക്ക് ആസ്പത്രിയിൽ കൊണ്ടുവന്നു.

അയാളുടെ തലയോട്ട് പകുതി വെട്ടിപ്പൊളിച്ച് തലച്ചോറിൽ വാർന്ന ചോര ഞങ്ങൾ പുറത്തെടുത്തു കളഞ്ഞു. പിന്നീട് ഞങ്ങൾ തലയോട്ട് അതിന്റെ സ്ഥാനത്തുറപ്പിച്ചു. അയാൾ ഇപ്പോഴും മോട്ടോർസൈക്കിളിലാണ് സഞ്ചരിക്കുന്നതു്.

അപകടത്തിനുശേഷവും ഹെൽമററ് ധരിക്കാൻ കൂട്ടാക്കാത്ത ഇയാൾ കൂടുതൽ വലിയ ഒരു മോട്ടോർസൈക്കിൾ വാങ്ങിയിരിക്കയാണത്രെ. മണിക്കൂറിൽ 125 മൈൽ വേഗമുണ്ട് ഈ പുതിയ മോട്ടോർസൈക്കിളിന്. സ്റ്റാർട്ട്ചെയ്തു നാലു സെക്കൻഡിനകം ഇത്രയും സ്പീഡ് അതിനു കൈവരും.

മോട്ടോർസൈക്കിളപകടത്തിൽപ്പെട്ട് ആസ്പത്രികളിലെത്തുന്ന പലരും രോഗക്കിടക്കയിൽ കിടന്നുകൊണ്ടുതന്നെ തകർന്ന പഴയ വാഹനങ്ങൾക്കു പകരം പുതിയ മെച്ചപ്പെട്ട മോട്ടോർസൈക്കിളുകൾക്ക് ഓർഡർ കൊടുക്കുന്നു. ആസ്പത്രിക്കട്ടിലുകളിൽക്കിടന്ന് രോഗികൾ തങ്ങളുടെ വാഹനങ്ങൾ പരസ്പരം കൈമാറുകയും പതിവുണ്ടത്രേ.

മോട്ടോർ ഘടിപ്പിച്ച് ദ്വിചക്രവാഹനങ്ങൾ ഓടിക്കാൻ തുടങ്ങിയിട്ട് നൂററിപ്പതിനഞ്ചു വർഷങ്ങളായി. ഈ വാഹനത്തിന്റെ അദമ്യമായ ആകർഷണത്തിന് മനുഷ്യൻ പ്രത്യേകിച്ചും യുവാവ് ഇന്നും വിധേയനാണ്.

എന്തുകൊണ്ട് മോട്ടോർസൈക്കിൾ ഒരു യുവതിയെപ്പോലെയാണ്?

ഒന്നാമതു്, അവളെ മെരുക്കിയെടുക്കുകയാണ് തന്റെ ജന്മസാഫല്യമെന്ന് ഓരോ യുവാവും കരുതുന്നു. രണ്ടാമതു്, അവളെ തികച്ചും മനസ്സിലാക്കാൻ ഇന്നോളം ആർക്കും കഴിഞ്ഞിട്ടില്ല; ഇനിയൊട്ട് കഴിയുകയുമില്ല!

(2 ജൂൺ, 1983)

# 106. ബാൾ പോയിൻറ്

ഒരു 'റീഫിൽ' നിറച്ച പേന ഉപയോഗിച്ചാണു ഞാൻ ഇതെഴുതുന്നതു്. ഒന്നിന്റെ ഉള്ളിൽ മറെറാന്നു കടത്തി തിരിച്ചു മുറുക്കാവുന്ന രണ്ടു കുഴൽക്കഷണങ്ങൾ ആണ് 'പേന'. പേനയ്ക്കകത്തു് ഒരു ചെറിയ സ്പ്രിങ് കൊണ്ടു് 'റീഫിൽ' ഉറപ്പിച്ചുവച്ചിരിക്കുന്നു. 'വീണ്ടും നിറയ്ക്കാവുന്നതു്' എന്നേ 'റീഫിൽ', എന്ന വാക്കിനു് അർത്ഥമുള്ളു. പേനയിലെ

'റീഫിൽ' നാലു് ഇഞ്ചു് നീണ്ട ഒരു പ്ലാസ്റ്റിക് കുഴലും അതിൻെറ പിച്ചളകൊണ്ടുള്ള തലപ്പും ആകുന്നു. വണ്ണം കുറഞ്ഞ പ്ലാസ്റ്റിക് കുഴലിൽ കുഴമ്പു പരുവത്തിലുള്ള മഷി നിറച്ചിരിക്കുന്നു. പിച്ചളത്തലപ്പും ഒരു കുഴൽതന്നെ. അതിൻെറ വണ്ണം കൂടിയ അററം പ്ലാസ്റ്റിക് കുഴലിൽ തിരുകിയിരിക്കുന്നു. വണ്ണം കുറഞ്ഞ അററം അല്പം അകത്തോട്ടു വളച്ച്, അതിനകത്തു് ഇഷ്ടം പോലെ എങ്ങോട്ടും ഉരുട്ടാവുന്ന ഒരു ചെറിയ ഉണ്ട നിക്ഷേപിച്ചിട്ടുണ്ടു്. ഈ ഉണ്ട ആണു് 'ബാൾ പോയിൻറ്'. ഇങ്ങനെ ഒരു ഉണ്ട അതിനകത്തു് ഉണ്ടെന്നു് പിച്ചളത്തലപ്പുപൊളിച്ചാലേ മനസ്സിലാവൂ. റീഫില്ലിൽ നിറച്ച മഷിക്കുഴമ്പു് എപ്പോഴും ഈ ഉണ്ടയുടെ അടിയിൽ പുരണ്ടുകൊണ്ടിരിക്കും. എഴുതുമ്പോൾ ഞാൻ ചെയ്യുന്നതു് ഈ ഉണ്ടയെ പല ദിശകളിലേക്കും ഉരുട്ടുകയാണു്. ഉണ്ട ഉരുളുമ്പോൾ, അതിൽ പുരണ്ട മഷി കടലാസ്സിൽ രേഖകൾ ഉണ്ടാക്കുന്നു. ഈ രേഖകളാണു് എഴുത്തു്.

ഞാൻ എഴുത്തു പഠിച്ചതു് ഇത്തരം പേന ഉപയോഗിച്ചായിരുന്നില്ല. പിച്ചളകൊണ്ടോ, ഇരുമ്പുകൊണ്ടോ ഉണ്ടാക്കിയ ഒരു 'നിബ്ബ്' മരംകൊണ്ടുള്ള ഒരു പിടിയിൽ ഒരു തകരത്തകിടു് ഉപയോഗിച്ചു് ഉറപ്പിച്ചതായിരുന്നു അക്കാലത്തെ പേന. നിബ്ബിൻെറ കൂർത്ത അററം രണ്ടായി നെടുകെ പിളർന്നിരിക്കും. ഒരു കുപ്പിയിൽ നിറച്ച മഷിയിൽ നിബ്ബു് മുക്കി എഴുതുന്നു. നിബ്ബിൻെറ അററത്തു തങ്ങിനില്ക്കുന്ന മഷിത്തുള്ളി അതിൻെറ പിളർപ്പിലൂടെ നേർമയായി ഒലിച്ചിറങ്ങി കടലാസ്സിൽ ലിപികൾ ഉണ്ടാക്കുന്നു. പെട്ടെന്നു് ഉണങ്ങാത്ത ഈ മഷി ഉണക്കിയിരുന്നതു് ഒരു ഒപ്പുകടലാസ്സുകൊണ്ടു് ഒപ്പിയാണു്. ഇത്തരം പേനകളും നിബ്ബുകളും നടപ്പിൽവരുംമുമ്പു്, വലിയ പക്ഷികളുടെ തൂവലുകൾ ചെത്തി കൂർപ്പിച്ചു നെടുകെ കീറി നിബ്ബിൻെറ ആകൃതിയിലാക്കി, അവകൊണ്ടും എഴുതിയിരുന്നു. പേനയ്ക്കു് 'തൂവൽ' എന്ന പേരു വന്നതു് അങ്ങനെയാണു്. ഒപ്പുകടലാസ് സുലഭമാകുംമുമ്പു്, എഴുതിയ കടലാസ്സിലെ മഷി ഉണങ്ങാൻ അതിൽ വെളുത്ത മണൽ വിതറിയിരുന്നു. അക്കാലത്തെ ഭംഗിയേറിയ പേനകളും, ചില്ലുകൊണ്ടും കളിമണ്ണുകൊണ്ടും പല രൂപത്തിൽ നിർമിച്ച മഷിക്കുപ്പികളും, മഷിയുണക്കാനുള്ള മണൽ നിറച്ച പാത്രങ്ങളും, മററും, ഇപ്പോൾ ചില കാഴ്ച ബംഗ്ലാവുകളിൽ സൂക്ഷിച്ചുവച്ചിരിക്കുന്നതു കാണാം.

അന്നൊക്കെ എഴുതുമ്പോൾ പേന കൂടെക്കൂടെ മഷിയിൽ മുക്കണമായിരുന്നു. കടലാസ്സിൽ മഷി വീണുപരക്കുമെന്ന ഭയം എപ്പോഴുമുണ്ടായിരുന്നു. സ്കൂളിലേക്കു പേനയോടൊപ്പം മഷിക്കുപ്പിയും കൊണ്ടുപോകേണ്ടിയിരുന്നു. ഒപ്പുകടലാസ്സും കരുതേണ്ടിയിരുന്നു.

ഇപ്പോൾ എഴുത്തു് എത്ര എളുപ്പമായിരിക്കുന്നു! റീഫില്ലിലെ മഷി അവസാനിക്കുംവരെ, പേജുകൾക്കുശേഷം, പേജുകൾ നിർത്താതെ എഴുതാം. മഷി കടലാസ്സിൽ പുരണ്ട നിമിഷത്തിൽത്തന്നെ ഉണങ്ങുന്നു. അതു പരക്കുമെന്നു പേടിക്കേണ്ടതില്ല. മാത്രമല്ല, അടിയിൽ കാർബൺകടലാസ്സുവച്ചു് ഒരൊററ എഴുത്തിനു് ഒന്നോ രണ്ടോ പകർപ്പുകൾകൂടെ തയ്യാറാക്കാനും സാദ്ധ്യമായിരിക്കുന്നു.

എത്ര ലളിതമായ ഒരു ഉപകരണമാണു ബാൾ പോയിൻറ് പേന! പക്ഷേ, അതു സാർവത്രികമായി ഉപയോഗത്തിൽ വന്നിട്ടു കഷ്ടിച്ചു നാല്പതു വർഷങ്ങളേ ആയിട്ടുള്ളു. കൃത്യമായി പറഞ്ഞാൽ, 1942–ാമാണ്ടിലാണു് അതു കണ്ടുപിടിക്കപ്പെട്ടതു്. ബാൾ പോയിൻറ് പേന കണ്ടുപിടിച്ചതു് ലാഡിസ്ലാവ് ജോസ് ബീറോ എന്നൊരാളായിരുന്നു. ഹംഗറിയിലെ ബുഡാപെസ്റ്റ് നഗരത്തിൽ പിറന്നു്, 1940–ൽ തെക്കേ അമേരിക്കയിലെ ആർജൻറീനയിൽ പാർപ്പുറപ്പിച്ച ബീറോ ഈയടുത്തകാലത്തു്

ആർജൻറീനയുടെ തലസ്ഥാനമായ ബ്വേനോസ് എയേഴ്സ് നഗരത്തിൽവച്ചു മരിച്ചുപോയി. മരിക്കുമ്പോൾ ബീറോവിനു് എൺപത്താറു വയസ്സായിരുന്നു.

രണ്ടാം മഹായുദ്ധത്തിനു തൊട്ടുമുമ്പ്, 1938—ൽ, ബീറോ ഹംഗറിയിൽവെച്ചു തൻെറ കണ്ടുപിടിത്തത്തിൻെറ പേറ്റൻറ് എടുത്തു. അക്കാലത്തു ഫാസിസ്റ്റ്വാഴ്ചയുടെ കീഴിൽ ആയിരുന്ന ഹംഗറി വിട്ടു് ബീറോ ആർജൻറീനയിലേക്കു പോയതിൻെറ പിന്നിൽ ഒരു കഥയുണ്ടു്. ഒരു പത്രപ്രവർത്തകനെന്ന നിലയിൽ 1938 ഡിസംബറിൽ പാരീസ്സിലെത്തിയ ബീറോ, തൻെറ കണ്ടുപിടിത്തം ഉപയോഗിച്ചു് ബാൾ പോയിൻറ് പേനകൾ നിർമിക്കുന്നതിനു ധനസഹായം ലഭിക്കുന്നതിനായി അവിടെയുള്ള യൂഗോസ്ലാവിയക്കാരനായ ഒരു ബാങ്കറെ തേടിച്ചെന്നു. ബാങ്കറിൽ നിന്നു പ്രതീക്ഷിച്ച സഹായമൊന്നും ലഭിച്ചില്ലെങ്കിലും, വഴിക്കു് ഒരു ഹോട്ടലിൽവെച്ചു് ഒരു യുവതിയുമായി തനിക്കറിയാത്ത ഏതോ ഭാഷയിൽ സംസാരിക്കുന്ന, കണ്ണടവെച്ച ഒരു കിഴവനെ ബീറോ കണ്ടുമുട്ടി. ബീറോവിൻെറ കൈയിലുള്ള ബാൾ പോയിൻറ് പേനയുടെ മാതൃകയിൽ ഈ കിഴവനു താല്പര്യം തോന്നി.

'നിങ്ങൾ എൻെറ രാജ്യത്തേക്കു വരൂ. നിങ്ങളുടെ ഈ കണ്ടുപിടിത്തം വികസിപ്പിക്കുന്നതിനു് ഉദാരമായ സഹായം നിങ്ങൾക്കു് ആർജൻറീനയിൽ കിട്ടും.' എന്നു കിഴവൻ ബീറോവിനോടു പറഞ്ഞു.

'ഞാൻ വരാം. പക്ഷേ, നിങ്ങളുടെ രാജ്യത്തേക്കു വരാൻ ഒരു വിസ (യാത്രാനുവാദപത്രം) എനിക്കു് എങ്ങനെ കിട്ടാനാണു്?'

കിഴവൻ തൻെറ വിസിററിങ് കാർഡ് എടുത്തു് ബീറോവിനു കൊടുത്തു. ബുഡാപെസ്റ്റിലോ, യൂറോപ്പിലെ വേറെ ഏതെങ്കിലും നഗരത്തിലോ ഉള്ള ആർജൻറീനയുടെ എംബസ്സിയിൽ അതു കാണിച്ചു വിസയ്ക്കു് അപേക്ഷിക്കാൻ ഉപദേശിക്കുകയും ചെയ്തു. മുമ്പു് ആർജൻറീനയുടെ പ്രസിഡണ്ട് ആയിരുന്ന ജനറൽ ആഗസ്റ്റിൻ പി. ജസ്റ്റോ ആണു് ആ കിഴവൻ എന്നു കാർഡിൽനിന്നു് ബീറോ അറിഞ്ഞു.

അങ്ങനെയാണു്, കീശയിൽ പത്തു ഡോളറുമായി ബീറോ 1940—ൽ ആർജൻറീനയിലെത്തിയതു്. ബ്വേനോസ് എയേഴ്സ് നഗരത്തിൽ ബീറോയും ഒരു സ്നേഹിതനും ചേർന്നു് ബാൾ പോയിൻറ് പേന വ്യാവസായികാടിസ്ഥാനത്തിൽ നിർമിക്കുന്ന ഒരു ഫാക്ടറി സ്ഥാപിച്ചു. 'എറെറർപെൻ' (ശാശ്വതമായ പേന), സ്ട്രാറോപെൻ, ബീറോം എന്നെല്ലാമായിരുന്നു ബാൾ പോയിൻറ് പേനയ്ക്കു് ആദ്യമാദ്യം പേരു നൽകിയിരുന്നതു്. അതിനുണ്ടായിരുന്ന പല യാന്ത്രികവൈകല്യങ്ങളും ക്രമേണ പരിഹരിക്കപ്പെട്ടു. ചുരുങ്ങിയ വിലയ്ക്കു് ബാൾ പോയിൻറ് പേനകളും റീഫില്ലുകളും എങ്ങും സുലഭമായി. ബാൾ പോയിൻറ് പേനയുടെ ആവിഷ്കർത്താവെന്ന നിലയിൽ ബീറോ വിശ്വപ്രശസ്തി ആർജിച്ചു. 'എൻെറ ഏററവും നല്ല അംബാസഡർ ബീറോ ആണു്. അദ്ദേഹം കണ്ടുപിടിച്ച ബാൾ പോയിൻറ് പേനയിലൂടെ ലോകം മുഴുവൻ ഇന്നു് ആർജൻറീനയെ അറിയുന്നു.' എന്നു്, ആർജൻറീനയുടെ പ്രസിഡണ്ട് ആയിരുന്ന പെറോൺ ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ടു്.

'ഒരു നിശ്ശബ്ദ വിപ്ലവം' എന്ന പേരിൽ സ്വന്തം ജീവചരിത്രം ബീറോ എഴുതിയിട്ടുണ്ടു്. 1969—ൽ ഈ ആത്മകഥ ബ്വേനോസ് എയേഴ്സിൽ പ്രസിദ്ധീകരിക്കപ്പെട്ടു. സ്പാനിഷ് ഭാഷയിലാണു് ഈ ഗ്രന്ഥം. 'വിപ്ലവം' എന്നതിനു പാശ്ചാത്യഭാഷകളിലുള്ള പദം 'റെവല്യൂഷൻ' എന്നാണല്ലോ. 'ഉരുളൽ' എന്നും ഈ പദത്തിനു് അർത്ഥമുണ്ടു്.

അങ്ങനെ ബീറോയുടെ ആത്മകഥ, പേനയുടെ അററത്തെ ഉണ്ടയുടെ നിശ്ശബ്ദമായ ഉരുളലിനെക്കൂടി കുറിക്കുന്നു.

ബുഡാപെസ്റ്റ് നഗരത്തിൽ തൻെറ വീടിനു് അടുത്തുള്ള ഒരു ഇടവഴിയിൽ തെരുവുപിള്ളേർ ഇരുന്നു ഗോട്ടി കളിക്കുന്നതു കണ്ടപ്പോഴാണത്രേ, ബാൾ പോയിൻറ് പേനയെപ്പററിയുള്ള ആശയം ബീറോവിൻെറ ബാലമനസ്സിൽ ആദ്യമായി ഉദിച്ചതു്. വഴിയിൽ അവിടവിടെ ചെറിയ കുഴികൾ ഉണ്ടായിരുന്നു. തലേന്നു രാത്രി പെയ്ത മഴയുടെ ചെളിവെള്ളം ഈ കുഴികളിൽ കെട്ടിക്കിടന്നിരുന്നു. ഒരു കുട്ടി അടിച്ച ഗോട്ടി (മാർബിൾ) ഒരു കുഴിയിലെ വെള്ളത്തിലൂടെ ഉരുണ്ടു് അപ്പുറത്തു പോയപ്പോൾ, അതിൽ പുരണ്ട ചളിവെള്ളം വഴിയിലെ മണ്ണിൽ ഒരു രേഖ സൃഷ്ടിക്കുന്നതു് ബീറോ ശ്രദ്ധിച്ചു.

എൻെറ പേനത്തലപ്പിൽ, മഷിയിലൂടെ ഉരുളുന്ന കൊച്ചുഗോട്ടി ആണു് ഈ കടലാസ്സിലും രേഖകൾ ഉണ്ടാക്കുന്നതു്!

കണ്ടുപിടിത്തം എത്ര എളുപ്പം! കണ്ണു് (അകക്കണ്ണു്) ഉണ്ടാവണമെന്നു മാത്രം, നിങ്ങൾക്കു് അതു് ഉണ്ടോ?

(12 ജനുവരി, 1986)

○○